കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മലയാലപ്പുഴ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി - 9/494/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 27/08/2021
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മലയാലപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി - 9/494/2021 തീയ്യതി: 27/08/2021

പത്തനംതിട്ട ജില്ലയിലെ മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 02-11-2019 മുതൽ 30-06-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി വിജയലക്ഷ്മി പി.കെ.	ഡെപ്യൂട്ടി ഡയറക്ടർ	12-07-2021	30-07-2021

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
12-07-2021	30-07-2021

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ
ശ്രീമതി സി.വീണ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി പി.സി.സൂര്യപ്രഭ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖാ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ ജയലാൽ കെ	പ്രസിഡന്റ്	01-04-2020	10-11-2020
അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി	പ്രസിഡന്റ്	11-11-2020	31-12-2020
ശ്രീമതി ഷീലാ കുമാരി	പ്രസിഡന്റ്	01-01-2021	31-03-2021
ശ്രീമതി റ്റി.ആർ ലീലാമ്മ	സെക്രട്ടറി	01-04-2020	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സാവിത്രി പി.ജി	അസിസ്റ്റന്റ് എൻജിനിയർ	01-04-2020	31-05-2020
ശ്രീ ആരിഫ് മുഹമ്മദ്	അസിസ്റ്റന്റ് എൻജിനിയർ	26-06-2020	31-03-2021
ശ്രീ രമേഷ് കുമാർ	വി.ഇ.ഒ	01-04-2020	31-03-2021
ശ്രീമതി സൈറ ഇസ്മയിൽ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2020	31-03-2021
ശ്രീമതി മിനി റ്റി ജി	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2020	31-03-2021
ഡോ ഷീജാ ബീവി	വെറ്ററിനറി സർജൻ	01-04-2020	31-03-2021
ഡോ. രമ്യ എൻ.ആർ	മെഡിക്കൽ ഓഫീസർ(ആയുർവേദം)	01-04-2020	31-03-2021
ഡോ രേഷ്മ കെ കണ്ണൻ	മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)	01-04-2020	31-03-2021
ശ്രീമതി ജി.വി.അഖില	കൃഷി ഓഫീസർ	01-04-2020	31-03-2021
ശ്രീമതി ഷീല എസ്.കെ	ഹെഡ്മിസ്ട്രസ്സ്	01-04-2020	31-03-2021
ശ്രീമതി സുമാഭായി അമ്മ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2020	31-03-2021
ശ്രീ സുരേഷ് കുമാർ ആർ	ഫിഷറീസ് സബ് ഇൻസ്പെക്ടർ	01-04-2020	31-03-2021
ശ്രീമതി സുലജ. പി	അസിസ്റ്റന്റ്	01-06-2020	25-06-2020

	എൻജിനീയർ		

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ് Written By: Lekha Janardhanan (Senior Grade Auditor, On 27-07-2021) Last Updated By: Lekha Janardhanan (Senior Grade Auditor, On 05-08-2021)	1-1
2	വാർഷിക ധനകാര്യപത്രിക Written By: Suryaprabha P.C (Asst. Audit Officer, On 25-07-2021) Last Updated By: Lekha Janardhanan (Senior Grade Auditor, On 05-08-2021)	1-2
3	സാമ്പത്തിക വിശകലനം Written By: Suryaprabha P.C (Asst. Audit Officer, On 25-07-2021) Last Updated By: P.K Vijayalakshmi (Deputy Director, On 27-08-2021)	1-3
4	ഗ്രാന്റ് വിനിയോഗം Written By: Suryaprabha P.C (Asst. Audit Officer, On 25-07-2021) Last Updated By: P.K Vijayalakshmi (Deputy Director, On 27-08-2021)	1-4
5	ഗ്രാന്റ് വിനിയോഗ പത്രിക- അപാകങ്ങൾ Written By: Suryaprabha P.C (Asst. Audit Officer, On 02-08-2021) Last Updated By: P.K Vijayalakshmi (Deputy Director, On 27-08-2021)	1-4-1
6	വികസന ഫണ്ട് ട്രഷറിയിൽ നിന്നും പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു Written By: Suryaprabha P.C (Asst. Audit Officer, On 02-08-2021) Last Updated By: P.K Vijayalakshmi (Deputy Director, On 27-08-2021)	1-4-2
7	പദ്ധതി അവലോകനം Written By: Muhsin Faisal (Audit Officer, On 24-07-2021) Last Updated By: P.K Vijayalakshmi (Deputy Director, On 27-08-2021)	1-5
8	തൊഴിലുറപ്പ് പദ്ധതി Written By: Veena C (Asst. Audit Officer, On 24-07-2021) Last Updated By: P.K Vijayalakshmi (Deputy Director, On 27-08-2021)	1-6
9	ക്ഷേമ പദ്ധതികൾ Written By: Suryaprabha P.C (Asst. Audit Officer, On 24-07-2021) Last Updated By: P.K Vijayalakshmi (Deputy Director, On 27-08-2021)	1-7
10	ക്യാഷ് ബാലൻസ് പരിശോധന Written By: Lekha Janardhanan (Senior Grade Auditor, On 24-07-2021) Last Updated By: P.K Vijayalakshmi (Deputy Director, On 27-08-2021)	1-8
11	ആഭ്യന്തര നിയന്ത്രണം Written By: Muhsin Faisal (Audit Officer, On 24-07-2021) Last Updated By: P.K Vijayalakshmi (Deputy Director, On 27-08-2021)	1-9
12	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം Written By: Lekha Janardhanan (Senior Grade Auditor, On 24-07-2021) Last Updated By: P.K Vijayalakshmi (Deputy Director, On 27-08-2021)	1-10
13	വാടക കുടിശ്ശിക ഈടാക്കിയില്ല. Written By: Lekha Janardhanan (Senior Grade Auditor, On 16-07-2021) Last Updated By: P.K Vijayalakshmi (Deputy Director, On 27-08-2021)	1-11
14	തൊഴിൽനികുതി -അപാകതകൾ Written By: Lekha Janardhanan (Senior Grade Auditor, On 27-07-2021) Last Updated By: P.K Vijayalakshmi (Deputy Director, On 26-08-2021)	1-12
15	വസ്തു നികുതി - കുടിശിക ഈടാക്കുവാൻ അവശേഷിക്കുന്നു. Written By: Lekha Janardhanan (Senior Grade Auditor, On 28-07-2021) Last Updated By: P.K Vijayalakshmi (Deputy Director, On 27-08-2021)	1-13
16	മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ 254519 രൂപ ഈടാക്കാൻ അവശേഷിക്കുന്നു Written By: Lekha Janardhanan (Senior Grade Auditor, On 27-07-2021) Last Updated By: P.K Vijayalakshmi (Deputy Director, On 27-08-2021)	1-14
17	വസ്തു നികുതിയിന്മേലുള്ള സേവന ഉപനികുതി	1-15

	ഏർപ്പെടുത്തൽ Written By: Lekha Janardhanan (Senior Grade Auditor, On 27-07-2021) Last Updated By: P.K Vijayalakshmi (Deputy Director, On 27-08-2021)	
18	ഇ ടെണ്ടർ ഫീസ് തിരികെ ലഭിക്കുന്നതിന് കാലതാമസം Written By: Veena C (Asst. Audit Officer, On 26-07-2021) Last Updated By: P.K Vijayalakshmi (Deputy Director, On 27-08-2021)	1-16
19	ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ലൈസൻസ് പുതുക്കുന്നില്ല Written By: Lekha Janardhanan (Senior Grade Auditor, On 27-07-2021) Last Updated By: P.K Vijayalakshmi (Deputy Director, On 27-08-2021)	1-17
20	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- മതിയായ തുക വകയിരുത്തിയില്ല Written By: Lekha Janardhanan (Senior Grade Auditor, On 27-07-2021) Last Updated By: P.K Vijayalakshmi (Deputy Director, On 26-08-2021)	1-18
21	അംഗൻവാടി പോഷകാഹാര പദ്ധതിക്കായുള്ള കേന്ദ്ര വിഹിതം പൂർണ്ണമായി ചെലവഴിക്കുന്നില്ല. Written By: Lekha Janardhanan (Senior Grade Auditor, On 27-07-2021) Last Updated By: P.K Vijayalakshmi (Deputy Director, On 27-08-2021)	1-19
22	ഗവ എൽ.പി സ്ക്കൂൾ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റിയിട്ടില്ല Written By: Veena C (Asst. Audit Officer, On 28-07-2021) Last Updated By: P.K Vijayalakshmi (Deputy Director, On 27-08-2021)	1-20
23	വിനിയോഗ വിവരം ലഭ്യമാക്കിയില്ല Written By: Muhsin Faisal (Audit Officer, On 30-07-2021) Last Updated By: P.K Vijayalakshmi (Deputy Director, On 27-08-2021)	1-21
24	സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾ - തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല Written By: Muhsin Faisal (Audit Officer, On 29-07-2021) Last Updated By: P.K Vijayalakshmi (Deputy Director, On 27-08-2021)	1-21-1
25	പൈപ്പ് ലൈൻ നീട്ടൽ -അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതി Written By: Veena C (Asst. Audit Officer, On 30-07-2021) Last Updated By: P.K Vijayalakshmi (Deputy Director, On 27-08-2021)	1-21-2
26	സമഗ്രശിക്ഷ കേരള- ഹെഡ്മിസ്ട്രസ് നടപ്പാക്കിയ പദ്ധതി Written By: Suryaprabha P.C (Asst. Audit Officer, On 30-07-2021) Last Updated By: P.K Vijayalakshmi (Deputy Director, On 27-08-2021)	1-21-3
27	ജൈവവളത്തിന് സബ്സിഡി-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല Written By: Suryaprabha P.C (Asst. Audit Officer, On 29-07-2021) Last Updated By: Lekha Janardhanan (Senior Grade Auditor, On 05-08-2021)	1-22
28	ജലജീവൻ മിഷൻ തുടർനടപടികൾ ലഭ്യമാക്കേണ്ടതാണ് Written By: Muhsin Faisal (Audit Officer, On 29-07-2021) Last Updated By: Lekha Janardhanan (Senior Grade Auditor, On 05-08-2021)	1-23
29	പ്രവർത്തനക്ഷമമല്ലാത്ത പൊതു ടാപ്പുകൾ വിച്ഛേദിച്ചു- പഞ്ചായത്തിന് സാമ്പത്തിക നേട്ടം Written By: Muhsin Faisal (Audit Officer, On 29-07-2021) Last Updated By: Lekha Janardhanan (Senior Grade Auditor, On 05-08-2021)	1-24
30	ജാഗ്രതാസമിതി - പഞ്ചായത്ത് തുക വകയിരുത്തുന്നില്ല Written By: Lekha Janardhanan (Senior Grade Auditor, On 27-07-2021) Last Updated By: Lekha Janardhanan (Senior Grade Auditor, On 05-08-2021)	1-25
31	ഗ്രോ ബാഗ് വിതരണം-സബ്സിഡി മാർഗ്ഗരേഖയിൽ നിന്ന് വ്യതിചലിച്ച് പ്രോജക്ട് നടപ്പിലാക്കി Written By: Suryaprabha P.C (Asst. Audit Officer, On 30-07-2021) Last Updated By: Lekha Janardhanan (Senior Grade Auditor, On 05-08-2021)	1-26
32	വെറ്ററിനറി സർജൻ നിർവ്വഹിച്ച പദ്ധതി - അപാകങ്ങൾ	1-27

	Written By: Suryaprabha P.C (Asst. Audit Officer, On 30-07-2021) Last Updated By: Lekha Janardhanan (Senior Grade Auditor, On 05-08-2021)	
33	ലൈഫ് പദ്ധതി-അവലോകനം Written By: Suryaprabha P.C (Asst. Audit Officer, On 30-07-2021) Last Updated By: P.K Vijayalakshmi (Deputy Director, On 27-08-2021)	1-28
34	ഔഷധിയിൽ നിന്നും മരുന്ന് പൂർണ്ണമായും ലഭിച്ചില്ല Written By: Suryaprabha P.C (Asst. Audit Officer, On 31-07-2021) Last Updated By: P.K Vijayalakshmi (Deputy Director, On 27-08-2021)	1-29
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
	--- No Records Found ---	
	ഭാഗം 4	
1	സംയുക്ത പദ്ധതികൾ Written By: Veena C (Asst. Audit Officer, On 24-07-2021) Last Updated By: P.K Vijayalakshmi (Deputy Director, On 27-08-2021)	4-1
2	നിക്ഷേപ പ്രവൃത്തികൾ Written By: Veena C (Asst. Audit Officer, On 24-07-2021) Last Updated By: P.K Vijayalakshmi (Deputy Director, On 27-08-2021)	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് Written By: Veena C (Asst. Audit Officer, On 24-07-2021) Last Updated By: P.K Vijayalakshmi (Deputy Director, On 27-08-2021)	4-3
4	വായ്പ/വായ്പാ തിരിച്ചടവ് Written By: Veena C (Asst. Audit Officer, On 24-07-2021) Last Updated By: P.K Vijayalakshmi (Deputy Director, On 27-08-2021)	4-4
5	സ്ഥിര നിക്ഷേപം Written By: Veena C (Asst. Audit Officer, On 24-07-2021) Last Updated By: P.K Vijayalakshmi (Deputy Director, On 27-08-2021)	4-5
6	ഓഡിറ്റ് റിക്കവറി Written By: Veena C (Asst. Audit Officer, On 24-07-2021) Last Updated By: P.K Vijayalakshmi (Deputy Director, On 27-08-2021)	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം Written By: Veena C (Asst. Audit Officer, On 24-07-2021) Last Updated By: P.K Vijayalakshmi (Deputy Director, On 27-08-2021)	4-7
8	ചാർജ്ജ്/സർചാർജ്ജ് നടപടിയിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം Written By: Veena C (Asst. Audit Officer, On 24-07-2021) Last Updated By: P.K Vijayalakshmi (Deputy Director, On 27-08-2021)	4-8
9	ഓഡിറ്റ് പ്രത്യവലോകനം Written By: Veena C (Asst. Audit Officer, On 24-07-2021) Last Updated By: P.K Vijayalakshmi (Deputy Director, On 27-08-2021)	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ Written By: Veena C (Asst. Audit Officer, On 25-07-2021) Last Updated By: P.K Vijayalakshmi (Deputy Director, On 27-08-2021)	4-10
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	

ഭാഗം -1

1-1 ബജറ്റ്

2020-21-ലെ ബജറ്റ് പാസ്സാക്കിയ നം./തീയ്യതി	30.03.2020-ലെ 1-ാം നമ്പർ തീരുമാനം
ബജറ്റ് പുതുക്കിയത്	28.03.2021 1-ാം നമ്പർ തീരുമാനം

	പ്രതീക്ഷിച്ചത്	യഥാർത്ഥത്തിലുള്ളത്	വ്യത്യാസം (+/-)
മുന്നിരിപ്പ്	3909788.34	13824830.49	9915042.15
വരവ്	129651829	60087031	69564798
ആകെ	133561617	73911861.49	59649755.51
ചെലവ്	132246244	60242963	72003281
നീക്കിയിരിപ്പ്	1315373.30	13668898.49	12353525

ബജറ്റിൽ പ്രതീക്ഷിത വരവ് ചെലവ് കണക്കുകളും യഥാർത്ഥത്തിലുള്ള വരവ് ചെലവ് കണക്കുകളും തമ്മിൽ ഗണ്യമായ വ്യതിയാനം ഉണ്ടെന്ന് മേൽ കണക്കുകൾ വ്യക്തമാക്കുന്നു. മുൻവർഷത്തെ വരവ് ചെലവ് കണക്കുകളും, പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതിയും ആധാരമാക്കിയല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്തിന്റെ സാമ്പത്തിക നിയന്ത്രണത്തിനുള്ള ഉപാധിയാണ് ബജറ്റ്. ബജറ്റിൽ കാണിച്ചിട്ടുള്ള പെരുപ്പിച്ച വരവ് ചെലവ് കണക്കുകൾ ശരിയായ സാമ്പത്തിക നിയന്ത്രണത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

അടുത്ത സാമ്പത്തിക വർഷം സ്ഥാപനത്തിൽ ലഭിക്കാനുള്ള തനത് വരവ് ഇനങ്ങളെ സമഗ്രമായി അപഗ്രഥിച്ചുവേണം ബജറ്റിൽ പ്രതീക്ഷിത വരവ് തുക കണക്കാക്കേണ്ടത്. എന്നാൽ അശാസ്ത്രീയമായി ബജറ്റ് തയ്യാറാക്കിയതിനാൽ ബജറ്റ് നിർദ്ദേശങ്ങളും യഥാർത്ഥ ഡിമാന്റും തമ്മിൽ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു..

ഇനം	ബജറ്റ് എസ്റ്റിമേറ്റ്	യഥാർത്ഥ തുക	വ്യത്യാസം (-/+)
വരവ്			
വസ്തു നികുതി	4400000	2929885	1470115
തൊഴിൽ നികുതി	1250000	1150240	99760
വാടക	470000	312120	157880
ഡി.&ഒ. ലൈസൻസ്	225000	143500	81500
ചെലവ്			
ഭരണ ചെലവുകൾ	1013800	752715	261085
ജീവനക്കാര്യത്തിനുള്ള ചെലവുകൾ	13078000	9784536	3293464
സേവന മേഖല	29891410	26187952	3703458
പശ്ചാത്തല മേഖല	24094134	23673309	420825

1994-ലെ കേ.പ.രാ. നിയമം സെക്ഷൻ 214 പ്രകാരമുള്ള എല്ലാ നടപടി ക്രമങ്ങളും പാലിച്ചുകൊണ്ടും പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി പരിഗണിച്ചുകൊണ്ടും ബജറ്റ് തയ്യാറാക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തികവർഷത്തെ വാർഷികധനകാര്യ പത്രിക 05/05/2020-ന് ഇ-സബ്മിറ്റ് ചെയ്തിരുന്നു. വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ട പ്രധാന ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ-മുൻ വർഷത്തെ തുക തന്നെയാണ് തൻ വർഷത്തെ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്നത്. ഗ്രാന്റ് ചെലവുകൾ എല്ലാം തന്നെ റവന്യൂ എക്സ്പെൻഡിച്ചർ ആയി അക്കൗണ്ട്

ചെയ്തിരിക്കുകയാണ്. ഗ്രാന്റ് തുക ഉപയോഗിച്ച് ആസ്തി കൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

2. ഷെഡ്യൂൾ B12:- സ്ഥിര നിക്ഷേപം(1189951/) ഷെഡ്യൂൾ B12-ൽ ഉൾപ്പെടുത്തുന്നതിന പകരം അക്കൗണ്ടായി കണക്കാക്കി ഷെഡ്യൂൾ B17-ൽ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

3. ഷെഡ്യൂൾ B11:- ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ സ്ഥിര ആസ്തികളുടെ മൂല്യനിർണ്ണയം കൃത്യമാണോ എന്നത് പരിശോധിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

4. ഷെഡ്യൂൾ B14:- ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല

5. B15:-വസ്തു നികുതി വരവ്, ചെലവ്, നീക്കിയിരിപ്പ്-സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

6. വാട്ടർചാർജ് കുടിശ്ശിക ഇനത്തിൽ 31.03.2021-ൽ 3092815 രൂപ ഒടുക്കുവാൻ ബാക്കിയുണ്ട്. ഈ ബാധ്യത വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല

7.ഷെഡ്യൂൾ B-11(A):- പ്രകാരം ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്, ആസ്തി നിർമ്മാണത്തിന് പാർട്ട് ബിൽ പ്രകാരം ചെലവായ തുക 4882864രൂപയാണ്. എന്നാൽ അസിസ്റ്റന്റ് എൻജിനീയർ ഓഡിറ്റിന് നൽകിയ സാക്ഷ്യപത്രം പ്രകാരം ഇത് 5086231 രൂപയാണ്

8.ഓഡിറ്റ് റിക്കവറി ഇനത്തിൽ 2020-21 വർഷം 75154 രൂപ വരവ് വന്നിട്ടുണ്ട്. എന്നാൽ ഇതിൽ 3356 രൂപ മാത്രമാണ് ബന്ധപ്പെട്ട ഹെഡിൽ(180400101) വരവ് വന്നിരിക്കുന്നത്. ബാക്കി തുക 71798 രൂപ 180800107(Liquidated Damages Recovered From Contractors) എന്ന ഹെഡിൽ ആണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.

1-3 സാമ്പത്തിക വിശകലനം

ഇനം	തുക
മുന്നിരിപ്പ്	13824831
ഓഡിറ്റ് വർഷത്തെ ആകെ വരവ്	60087031
ആകെ	73911862
ഓഡിറ്റ് വർഷത്തെ ചെലവ്	60242963
നീക്കിയിരിപ്പ്	13668899
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	172500

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കി യിരിപ്പ്	നീക്കിയിരിപ്പിൽ ട്രഷറി ക്യൂബിൽ	നീക്കിയിരിപ്പിൽ 'ലാപ്സായ തുക
വികസനഫണ്ട് (ജനറൽ)	0	11832181	11832181	9675062	2157119		2157119
വികസനഫണ്ട് (എസ്.സി.പി)	0	6432588	6432588	5130000	1302588		1302588
വികസനഫണ്ട് (ടി.എസ്.പി)	0	113052	113052	96000	17052		17052
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied)	0	8236105	8236105	4328702	3907403		3907403

ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied)		4240000	4240000	2087215	2152785		2152785
മെയിന്റനൻസ് ഗ്രാന്റ്-റോഡ്	0	11939000	11939000	11499865	439135		439135
മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം	0	3456681	3456681	1664228	1792453		1792453

സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്)					
	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ലൈബ്രറി ഗ്രാന്റ്	14140	0	14140	12704	1436
ശുചിത്വ മിഷൻ	699445	1928239	2627684	715603	1912081
ബഡ്സ് സ്കൂൾ-കുടുംബശ്രീ മിഷൻ ഫണ്ട്	1250000	0	1250000	0	1250000
കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്)					
എം.ജി.എൻ.ആർഇ..ജി.എസ്	1199	32387598	32388797	32384849	3948
ഐ.സി.ഡി.എസ്.	1377125	578839	1955964	900000	1055964

90%-ൽ അധികം വികസന ഫണ്ട് ചെലവഴിച്ച ഗ്രാമപഞ്ചായത്തുകൾക്ക് അധിക അലോട്ട്മെന്റ് ആയി ജി.ഒ(ആർ.റ്റി.)3099/2021/ഫിൻ/29.03.2021 പ്രകാരം അനുവദിച്ച തുക ചെലവഴിക്കുവാൻ കഴിയാതെ ലാപ്സായി. ബഡ്സ് സ്കൂളിന്റെ പ്രവർത്തനത്തിനായി 2018-19 ൽ കുടുംബശ്രീ മിഷൻ അനുവദിച്ച 1250000 രൂപ ചെലവഴിക്കാതെ തനത് ഫണ്ട് അക്കൗണ്ടിൽ ശേഷിക്കുകയാണ്.

1-4-1 ഗ്രാന്റ് വിനിയോഗ പത്രിക- അപാകങ്ങൾ

ഗ്രാമപഞ്ചായത്ത് പരിശോധനയ്ക്കായി സമർപ്പിച്ച ഗ്രാന്റ് വിനിയോഗ പത്രികകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) വികസന ഫണ്ടിന്റെ ഒന്നും രണ്ടും മൂന്നും ഗഡുക്കൾ അനുവദിച്ചുകൊണ്ടുള്ള ധനകാര്യ വകുപ്പിന്റെ ഉത്തരവുകൾ പരിശോധിച്ചതിൽ നിന്നും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ അലോട്ട്മെന്റ് പ്രകാരമുള്ള തുക വരവായി എടുക്കുന്നതിന് പകരം സർക്കാർ സോതസ്സിൽ നിന്നും കുറവ് ചെയ്തതിന് ശേഷം പൊതു വിഭാഗത്തിൽ അനുവദിച്ച അറ്റ തുകയാണ് വരവ് എടുത്തിരിക്കുന്നതെന്ന് വ്യക്തമായി. വിവിധ ഇനങ്ങളിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക ജി.ഒ പ്രോജക്റ്റായി സുലേഖയിൽ രേഖപ്പെടുത്തുമ്പോൾ വരവായി എടുക്കാത്ത തുക ചെലവിൽ ഉൾപ്പെടുകയും നീക്കിയിരിപ്പിൽ കുറവുണ്ടാകുകയും ചെയ്യുന്നു. ഇതുമൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വികസന ഫണ്ട് ജനറൽ /എസ്.സി.പി ഫണ്ടുകളുടെ വരവ്, നീക്കിയിരിപ്പ് എന്നിവ കൃത്യമല്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ഫണ്ടിനം	യഥാർത്ഥ അലോട്ട്മെന്റ്	സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക(ലൈഫ് പ്രോജക്റ്റ്, വാട്ടർ ചാർജ് കുടിശ്ശിക)	പൊതുവിഭാഗത്തിൽ അനുവദിച്ച അറ്റ തുക	ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ്
വികസന ഫണ്ട് (ജനറൽ)	11832181	1416804	10415377	10415377
വികസന ഫണ്ട് (എസ്.സി.പി.)	6432588	58509	6374079	6374079

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വികസന ഫണ്ടിന്റെ വരവ്, നീക്കിയിരിപ്പ് തുകകളിലെ വ്യത്യാസം ചുവടെ ചേർക്കുന്നു

ഫണ്ട്	ആകെ വരവ്		ചെലവ്		നീക്കിയിരിപ്പ്	
	അലോട്ട്മെന്റ്	ഗ്രാന്റ്	ചെലവ്	ഗ്രാന്റ്	നീക്കിയിരിപ്പ്	ഗ്രാന്റ്

	പ്രകാരം വരവ്	സ്റ്റേറ്റ്മെന്റ് പ്രകാരം		സ്റ്റേറ്റ്മെന്റ് പ്രകാരം		സ്റ്റേറ്റ്മെന്റ് പ്രകാരം
വികസന ഫണ്ട്(ജനറൽ)	11832181	10415377	9675062	9675062	2157119	740315
വികസന ഫണ്ട് (എസ്.സി.പി.)	6432588	6374079	5130000	5130000	1302588	1244079

2) ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ ഗ്രാന്റ് വിനിയോഗ പത്രികയിൽ സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത പദ്ധതി കളുടെ വരവ് , നീക്കിയിരിപ്പ് തുകകൾ രേഖപ്പെടുത്തിയിരിക്കുന്നത് കൃത്യമല്ല. ഇത് വാർഷിക കണക്ക് പ്രകാരമുള്ള വരവ്, നീക്കിയിരിപ്പ് തുകകളുമായി പൊരുത്തപ്പെടുന്നമില്ല

പരിശോധനയ്ക്കായി നൽകിയ ഗ്രാന്റ് വിനിയോഗ പത്രികയുടെ അപാകതകൾ തുടർനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു

1-4-2 വികസന ഫണ്ട് ട്രഷറിയിൽ നിന്നും പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു

2020-21 വർഷം ആശ്രയ, ബാലസഭ എന്നീ പ്രോജക്ടുകൾക്കായി വികസന ഫണ്ടിൽ നിന്നും വകയിരുത്തിയിരുന്ന തുകകൾ ട്രഷറിയിൽ നിന്നും പിൻവലിച്ച് ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിരിക്കുകയാണ്. 2020-21 വർഷം ബാലസഭാ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടന്നിട്ടില്ല. ചെലവ് കാണിക്കുന്നതിനായി വികസന ഫണ്ട് പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നത് ധനവിനിയോഗ ചട്ടങ്ങൾക്ക് വിരുദ്ധമാണ്. വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി ഫണ്ട് കൈമാറുന്നതിന് മാത്രമായി പ്രോജക്ടുകൾ ആവിഷ്കരിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതും കുടുംബശ്രീ ചാർജ് ഓഫീസറായ അസിസ്റ്റന്റ് സെക്രട്ടറി നേരിട്ട് നിർവ്വഹിക്കുന്ന രീതിയിൽ പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതുമാണ്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത്	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ(എണ്ണം)	പദ്ധതി ചെലവ്(ശതമാനം)
159	64628503	147	46463774	12	72

ഗ്രാമപഞ്ചായത്ത് ആവിഷ്കരിക്കുന്ന പദ്ധതികളുടെ ഭൂരിഭാഗവും നടപ്പാക്കുന്നുണ്ട്. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും 90% മുകളിൽ ചെലവ് നടത്തുന്നതിന് ശ്രദ്ധിയ്ക്കുന്നുണ്ട്. പ്രൊജക്ട് നടപ്പാക്കുമ്പോൾ കാര്യക്ഷമമായ മോണിട്ടറിംഗ് നടത്തുന്നില്ല. ഉല്പാദന മേഖലയിൽ കൂടുതൽ പ്രൊജക്ടുകൾ ചെയ്യുന്ന വെറ്ററനറി സർജൻ, കൃഷി ഓഫീസർ, ഡയറി ഫാം ഇൻസ്ട്രക്ടർ എന്നിവർ നടപ്പാക്കുന്ന പ്രൊജക്ടുകളിൻമേൽ മോണിട്ടറിംഗ് നടക്കാത്തതിനാൽ പദ്ധതി തുകയുടെ വിനിയോഗം ഉല്പാദനമേഖലയിൽ ഉണ്ടാക്കുന്ന അടിസ്ഥാന മാറ്റങ്ങൾ സംബന്ധിച്ച് വിലയിരുത്തുന്നതിനോ നേട്ട-കോട്ട വിശകലനം നടത്തുന്നതിനോ സാധിക്കുന്നില്ല. സഹകരണ ബാങ്കുകൾ ജൈവവളം വിതരണം നടത്തുന്നത് സംബന്ധിച്ച് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ലഭിച്ചിട്ടില്ലെങ്കിലും കൃഷി ഓഫീസർ നിർവ്വഹണം നടത്തുന്ന പദ്ധതികളിൽ സഹകരണ ബാങ്കുകൾ മുഖേന ജൈവവളം വിതരണത്തിന് തുക ചെലവഴിച്ചിട്ടുണ്ട്. മാത്രമല്ല സബ്സിഡി മാർഗ നിർദേശങ്ങളെ മറികടന്ന് ഗുണഭോക്താക്കൾക്ക് കൂടുതൽ ആനുകൂല്യം നൽകിയതായും ഓഡിറ്റിൽ വ്യക്തമായിട്ടുണ്ട്. കൂടുതൽ ഗുണഭോക്താക്കൾ പദ്ധതി ആനുകൂല്യത്തിന് പ്രതീക്ഷിച്ചിരിക്കെ കുറച്ച് പേരിൽ മാത്രം ആയത് കേന്ദ്രീകരിക്കുന്ന നടപടി നിരുൽസാഹപ്പെടുത്തേണ്ടതാണ്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിൽ ഭൂരിഭാഗവും ഘടനാപരമായി സമാന സ്വഭാവത്തിലുള്ള റോഡ് നിർമ്മാണ പ്രവൃത്തികളായിരുന്നു. നിർമ്മിതി കേന്ദ്രത്തിന് നിർമ്മാണച്ചുമതല നൽകിയ എൽ.പി.സ്കൂൾ നിർമ്മാണം 31-3-2021-ൽ പൂർത്തിയാക്കേണ്ടിയിരുന്നെങ്കിലും ആയതിന് സാധിച്ചിട്ടില്ല. ലൈഫ് മിഷൻ പദ്ധതി വഴി വിഭാവനം ചെയ്ത 27 ഭവന നിർമ്മാണങ്ങളിൽ 26 എണ്ണവും പൂർത്തീകരിക്കുന്നതിനും, 79 ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങി നൽകാൻ ആവിഷ്കരിച്ച പദ്ധതിയിലൂടെ ലഭ്യമായ ഫണ്ടുപയോഗിച്ച് 42 പേർക്ക് സ്ഥലം വാങ്ങി നൽകുന്നതിനും സാധിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമായ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ വരവ് ചെലവ് കണക്കുകളുടെ വിവരം ചുവടെചേർക്കുന്നു.

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	1199	877191	878390	874442	3948
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	31510407	31510407	31510407	0
100 തൊഴിൽദിനം പൂർത്തിയാക്കിയവർക്ക് നൽyകിയ ബോണസ് തുക	0	0	0	0	0
ആകെ	1199	32387598	32388797	32384849	3948

1-7 ക്ഷേമ പദ്ധതികൾ

ക്രമ നം.	പെൻഷൻ ഇനം	ഗുണഭോക്താക്കളുടെ എണ്ണം	ചെലവഴിച്ച തുക
1	കർഷകത്തൊഴിലാളി പെൻഷൻ	367	5686500
2	വിധവാ പെൻഷൻ	698	10543500
3	വികലാംഗ പെൻഷൻ	225	3422300
4	വാർദ്ധക്യകാല പെൻഷൻ	1406	19887900
5	അവിവാഹിതരായ 50 വയസ്സിന്മേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ	31	474400
6	തൊഴിൽ രഹിത വേതനം	4	2880

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26-7-2021,2.30PM-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് തുകയായ7921 (ഏഴായിരത്തിത്തൊള്ളായിരത്തിഇരുപത്തൊന്ന് രൂപാ മാത്രം) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവ് പ്രകാരം ജോലികൾ സെക്ഷന് വിഭജിച്ച് നൽകുന്നുണ്ട്. വൗച്ചറുകളും, രജിസ്റ്ററുകളും തൃപ്തികരമായി പരിപാലിക്കുന്നുണ്ട്. ഡേ-ബുക്ക്,ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക്, ബിൽ രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിക്കുന്നുണ്ട്. വിവിധ ബാങ്ക് അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ നടത്തി അക്കൗണ്ട് കാലികമാക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനവും തൃപ്തികരമാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	07.09.2018 മുതൽ 19.09.2018 വരെ	2013-14 മുതൽ 2017-18വരെ	03.11.2018
പെർഫോമൻസ്	03.01.2020മുതൽ	/2019 മുതൽ	ലഭിച്ചിട്ടില്ല

ഓഡിറ്റ്	05.01.2020 വരെ	12/2019 വരെ	

1-11 വാടക കുടിശ്ശിക ഈടാക്കിയില്ല.

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ അഞ്ചാം നമ്പർ കടമുറി വാടകയ്ക്ക് എടുത്തിരിക്കുന്ന ശ്രീ പ്രസന്നൻ പിള്ള എന്ന വ്യക്തിയിൽ നിന്നും നാലുമാസത്തെ വാടകയിനത്തിൽ (4320x4) 17280 രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. ആയത് ഈടാക്കിയശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-12 തൊഴിൽനികുതി -അപാകതകൾ

2020-21 വർഷത്തെ തൊഴിൽനികുതി ഡിമാൻറ് രജിസ്റ്റർ,ഫയൽ എന്നിവ പരിശോധിച്ചത് പ്രകാരം കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് പരിധിക്കുള്ളിൽ ജോലി ചെയ്യുന്ന താഴെപ്പറയുന്ന കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1. പുരുഷോത്തമൻ കെ.എസ്, വട്ടപ്പറമ്പിൽ, മലയാലപ്പുഴ

2. ഹരിലാൽ എസ്, പുല്ലുംപ്ളാവിൽ, മലയാലപ്പുഴ

3. സദാനന്ദപ്പണിക്കർ, പുല്ലുംപ്ളാവിൽ, മലയാലപ്പുഴ

4. വിജു വി.ആർ, വേട്ടക്കുളത്ത്, തലച്ചിറ ഏറം പി.ഒ

5. അനൂപ്, അർച്ചന സദനം, തലച്ചിറ ഏറം പി.ഒ

കരാറുകാരിൽ നിന്നും 10% ലാഭവിഹിതം ഇനത്തിലുള്ള അർദ്ധ വാർഷിക വരുമാനത്തിന് തൊഴിൽനികുതി ബാധകമാകുന്ന പക്ഷം തൊഴിൽനികുതി ഡിമാന്റ് ചെയ്ത് തുക ഈടാക്കിയശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് നൽകിയ എൻക്വയറി (09/23-07-21) യെ തുടർന്ന് ശ്രീ പ്രദ്യുമ്നസൂദനൻ പിള്ള 2020-21 വർഷത്തെ തൊഴിൽ നികുതി 2400 രൂപ 28-07-2021 ലെ 121010101230 നമ്പർ രസീത് പ്രകാരം ഒടുക്കുവരുത്തി.

2.തൊഴിൽനികുതി ഈടാക്കിയില്ല.

തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഓഡിറ്റ് വർഷം ജീവനക്കാരുടെ തൊഴിൽനികുതി ഇനത്തിൽ 21500 രൂപയും, സ്ഥാപനതൊഴിൽ നികുതി ഇനത്തിൽ 2500 രൂപയും പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. ആയത് പിരിച്ചെടുത്ത് ശേഷം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3.തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ അപൂർണ്ണം

ഓഡിറ്റ് വർഷം തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ എല്ലാ ജീവനക്കാരുടേയും അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയത് കൃത്യമായ നിരക്കിലാണോ എന്ന് പരിശോധിക്കുവാൻ സാധിച്ചില്ല. അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽനികുതി കണക്കാക്കുന്നതിനാൽ രജിസ്റ്ററിൽ അടിസ്ഥാന ശമ്പളം, ക്ഷാമബത്ത, എച്ച് ആർ എ, ബോണസ് എന്നിവ രേഖപ്പെടുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്.

1-13 വസ്തു നികുതി - കുടിശിക ഈടാക്കുവാൻ അവശേഷിക്കുന്നു.

2020-21 വർഷം വസ്തു നികുതി കുടിശ്ശിക ഇനത്തിൽ 842593 രൂപ ഈടാക്കുവാൻ അവശേഷിക്കുന്നു. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ടിയിനത്തിലുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സംബന്ധിച്ച വിവരങ്ങൾ താഴെക്കൊടുക്കുന്നു.

ഡിമാന്റ്			കളക്ഷൻ			ബാലൻസ്		
കുടിശ്ശിക	കറന്റ്	ആകെ	കുടിശ്ശിക	കറന്റ്	ആകെ	കുടിശ്ശിക	കറന്റ്	ആകെ
469816	2929885	3399701	109986	2447122	2557108	359830	482763	842593

കുടിശ്ശിക തുക ഈടാക്കിയ ശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ്

ഡിമാന്റ്			കളക്ഷൻ			ബാലൻസ്		
കുടിശ്ശിക	കറന്റ്	ആകെ	കുടിശ്ശിക	കറന്റ്	ആകെ	കുടിശ്ശിക	കറന്റ്	ആകെ
469816	2929885	3399701	109986	2447122	2557108	359830	482763	842593

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ്

ഡിമാന്റ്			കളക്ഷൻ			ബാലൻസ്		
കുടിശ്ശിക	കറന്റ്	ആകെ	കുടിശ്ശിക	കറന്റ്	ആകെ	കുടിശ്ശിക	കറന്റ്	ആകെ
449755	2929885	3379640	111767	2414776	2526543	337988	515109	853097

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തേണ്ടതാണ്.

1-14 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ 254519 രൂപ ഈടാക്കാൻ അവശേഷിക്കുന്നു

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള മൊബൈൽ ടവറുകളുടെ വസ്തുനികുതി വർഷങ്ങളായി ഈടാക്കാത്തതിനാൽ പഞ്ചായത്തിന് ഗണ്യമായ വരുമാനനഷ്ടം ഉണ്ടായിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് വസ്തുനികുതി ചട്ടങ്ങൾ 01.04.2011 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ജി.ഒ.(ആർ.റ്റി) നം.19/2011 തസ്വഭവ തീയതി 14.01.2011 പ്രകാരം മൊബൈൽടവറുകൾക്ക് ബാധകമായ കുറഞ്ഞ വസ്തുനികുതി ച.മീറ്ററിന് 400 രൂപയും കൂടിയ വസ്തുനികുതി 500 രൂപയുമാണ്. ഇതനുസരിച്ച് പുതുക്കിയ നിരക്കിൽ ടവറുകളുടെ വസ്തുനികുതി പുനർനിർണ്ണയിച്ചിട്ടുണ്ടെങ്കിലും ആയത് എല്ലാ ടവർ ഉടമകളിൽ നിന്നും നാളിതുവരെ ഈടാക്കിയിട്ടില്ല. വസ്തുനികുതി ഈടാക്കുവാൻ അവശേഷിക്കുന്ന ടവറുകളുടെയും അവയിൽനിന്ന് ഈടാക്കുവാനുള്ള നികുതി കുടിശ്ശികയുടെയും വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	മൊബൈൽടവറുകളുടെ പേരും അഡ്രസും	വാർഡ് നം/ കെട്ടിട നം	പ്ലിന്ത് ഏരിയ (M2)	നികുതി തുക	കുടിശ്ശിക തുക
	സബ് ഡിവിഷണൽ ആഫീസർ, ബി.എസ്.എൻ. എൽ	7/543	16m2	7560	60480
	മാനേജർ, ഡിഷ് നെറ്റ് വയർലെസ്	13/552	42m2	24255	194039
	ആകെ				254519

പ്രൊസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 വസ്തു നികുതിയിന്മേലുള്ള സേവന ഉപനികുതി ഏർപ്പെടുത്തൽ

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ

ഗ്രാമപ്പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന സേവന ഉപനികുതിയുടെ ഏറ്റവും കുറഞ്ഞ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രെയിനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപ്പഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

1-16 ഇ ടെണ്ടർ ഫീസ് തിരികെ ലഭിക്കുന്നതിന് കാലതാമസം

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിൽ അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. 02-10-17 ലെ സ ഉ (സാധാ) നമ്പർ 3186/2017 തസ്വഭവ ഉത്തരവ് പ്രകാരം ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകിയിരുന്നു. മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന് എസ്.ബി.ഐ. അക്കൗണ്ട് ഉണ്ടായിരുന്നിട്ടും പ്രസ്തുത അക്കൗണ്ടിലേക്ക് ഇ-ടെൻഡർ ഫീ ക്രെഡിറ്റ് ചെയ്തില്ല. 2020-21 വർഷം മലയാലപ്പുഴ ഗ്രാമ പഞ്ചായത്തിൽ നിന്നും ഇ ടെണ്ടർ ഫീസായി 26310 രൂപ ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എക്സി. എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും ഇ ടെണ്ടർ ഫീസ് പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് തിരികെ ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ലൈസൻസ് പുതുക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ (ചട്ടം 10) 31.10.2017 ലെ ജി.ഒ.(പി) 80/2017/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതു പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പായി പഞ്ചായത്തിൽ സമർപ്പിച്ച് ലൈസൻസ് നേടേണ്ടതാണ്. എന്നാൽ 2020-21 വർഷം ലൈസൻസ് എടുത്തിട്ടുള്ള 227 സ്ഥാപനങ്ങളിൽ 8 എണ്ണം മാത്രമാണ് യഥാസമയം ലൈസൻസ് പുതുക്കിയിട്ടുള്ളത്. നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ വ്യാപാരികൾ ലൈസൻസ് നേടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1-18 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- മതിയായ തുക വകയിരുത്തിയില്ല

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വാർഷിക പദ്ധതിയുടെ ഭാഗമായി വികസന ഫണ്ടിൽ നിന്നും 70089 രൂപയും ജില്ലാപ്പഞ്ചായത്ത് വിഹിതമായി 66000 രൂപയും ബ്ളോക്ക് പഞ്ചായത്ത് വിഹിതമായി 800000 രൂപയും ഉൾപ്പടെ 936089 രൂപ വകയിരുത്തി ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പ്രൊജക്ട് (S0025/21) നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന 6 ക്ഷീരോത്പാദക സഹകരണസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് ഒരു ലിറ്റർ പാലിന് 3 രൂപ നിരക്കിൽ ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിലേക്ക് ക്ഷീരകർഷകർ സംഘത്തിൽ നൽകിയ പാലിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. 936089 രൂപ സബ്സിഡി തുക കർഷകരുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകിയിട്ടുണ്ട്.

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) നം.22/18/ ത.സ്വ.ഭ.വ തീ. 14.02.2018 നമ്പർ ഉത്തരവ് അനുസരിച്ച് അളക്കുന്ന പാലിന്റെ അളവിനെ ആസ്പദമാക്കി ഒരു കർഷകന് ഒരു വർഷം പരമാവധി 30000 രൂപ സബ്സിഡി അനുവദിക്കാവുന്നതാണ്. 2018-19 വർഷം മുതൽ ഇത് 40000 രൂപ ആയി വർദ്ധിപ്പിച്ചിട്ടുമുണ്ട്. ഒരു മാസം നൽകിയ പാലിന്റെ അളവിന്റെ അടിസ്ഥാനത്തിൽ ഒരു ഗുണഭോക്താവിന് പരമാവധി 15000 രൂപയിൽ താഴെ എന്ന നിരക്കിൽ മാത്രമേ സബ്സിഡി നൽകാൻ സാധിച്ചുള്ളൂ എന്നതിനാൽ തന്നെ പ്രോജക്ട് ലക്ഷ്യം പൂർത്തീകരിച്ചില്ല. ഗ്രാമപ്പഞ്ചായത്തിലെ വലിയൊരു വിഭാഗം ജനങ്ങളുടെ മുഖ്യ ഉപജീവന മാർഗ്ഗമാണ് കന്നുകാലി വളർത്തൽ. ആയതിനാൽ തന്നെ ആവശ്യകതക്കനുസൃതമായി ഫണ്ട് വകയിരുത്തി പ്രോജക്ട് ആവിഷ്കരിക്കുവാനും പരമാവധി കർഷകർക്ക് ആയത് പ്രയോജനപ്പെടുത്തുവാനും വികസനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 അംഗൻവാടി പോഷകാഹാര പദ്ധതിക്കായുള്ള കേന്ദ്ര വിഹിതം പൂർണ്ണമായി ചെലവഴിക്കുന്നില്ല.

അംഗൻവാടി പോഷകാഹാര പദ്ധതിക്കായി നാളിതുവരെ ലഭിച്ചിട്ടുള്ള കേന്ദ്രവിഹിതത്തിൽ 2020-21വർഷം 1055964 രൂപ അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിച്ചിരുന്നു. 2020-21 വർഷം വരെ മേൽപദ്ധതിക്കായി കേന്ദ്ര വിഹിതം, ബ്ലോക്ക് വിഹിതം എന്നിവ ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	കേന്ദ്ര വിഹിതം			
	പ്രാരംഭ ബാക്കി	തൻവർഷം ലഭിച്ചത്	ചെലവഴിച്ചത്	ബാലൻസ്
2017-18	880865	560251	649972	791144
2018-19	791144	666069	551109	906104
2019-20	906104	863407	392386	1377125
2020-21	1377125	578839	900000	1055964

31.3.21 വരെ പ്രസ്തുത ഇനത്തിൽ ആകെ 1055964 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ഈ തുക പഞ്ചായത്തിന്റെ തനത്ഫണ്ട് അക്കൗണ്ടിലാണ് സൂക്ഷിക്കുന്നത്. ആയതിനാൽ ഇത് വകമാറ്റി ചെലവഴിക്കപ്പെടാൻ സാദ്ധ്യതയുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് അംഗൻവാടി കെട്ടിട നിർമ്മാണം, അറ്റകുറ്റപ്പണി എന്നിവ നടത്താവുന്നതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-20 ഗവ എൽ.പി സ്കൂൾ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റിയിട്ടില്ല

പ്രോജക്ട് നം	147/2020(65/21)
പ്രോജക്ടിന്റെ പേര്	ഗവ. എൽ.പി സ്കൂൾ(ഗ്രൗണ്ട് ഫ്ലോർ നിർമ്മാണം)
അടങ്കൽ	6700000
ചെലവ്	3531757+1164190

സ്കൂൾ കെട്ടിട നിർമ്മാണത്തിനായി ജില്ലാ നിർമ്മിതി കേന്ദ്രവുമായി 20.09.2019 ൽ (43/DNK/2019-20 -ാം നമ്പർ) കരാറിലേർപ്പെട്ടിട്ടുണ്ട്. നാളിതുവരെ 4695947 രൂപ ചെലവഴിച്ചിട്ടുണ്ട്. കരാർ പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ 31.03.2020നകം പൂർത്തിയാക്കേണ്ടിയിരുന്നുവെങ്കിലും ഓഡിറ്റ് കാലയളവിലും പണികൾ പൂർത്തീകരിച്ചിട്ടില്ല. കെട്ടിടത്തിന്റെ വയറിംഗ്, പ്ലംബിംഗ് പണികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല. ആയതിനാൽ സ്കൂൾ പ്രവർത്തനയോഗ്യമായിട്ടില്ല. സ്കൂളിന്റെ പിൻഭാഗത്തെ സ്ഥലം വളരെയധികം താഴ്ചയിലുള്ളതാകയാൽ സ്കൂളിന് ചുറ്റുമതിൽ അനിവാര്യമാണ്. 22.11.2018 ലെ സ.ഉ(സാധാ)നം4868/2018/പൊ.വി,(എഫ്)വകുപ്പ് (ഡബ്ല്യു (2)86431/2017/ ഡി.പി.ഐ.17.12.2018) പ്രകാരം പഞ്ചായത്ത് വക ബസ് സ്റ്റാന്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് സ്കൂൾ കെട്ടിടം നിർമ്മിച്ച് നൽകുന്ന മുറയ്ക്ക് ഗവ.എൽ പി.എസ്സ് ഷിഫ്റ്റ് ചെയ്യുന്നതിനും ഇപ്പോൾ സ്കൂൾ നിൽക്കുന്ന സ്ഥലം ബസ് സ്റ്റാന്റ് സ്ഥാപിക്കുന്നതിനായി കൈമാറുന്നതിനും നടപടി സ്വീകരിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കരാർ പ്രകാരമുള്ള കാലാവധി പൂർത്തീകരിച്ച് ഒരു വർഷത്തിന് ശേഷവും പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. സ്കൂൾ കെട്ടിടത്തിന്റെ അവശേഷിക്കുന്ന പണികൾ താമസം വിനാ പൂർത്തീകരിച്ച് ഉപയോഗ പ്രദമാക്കുന്നതിനും ബസ് സ്റ്റാന്റ് പഴയ സ്കൂൾ കെട്ടിടം നിന്ന സ്ഥലത്തേക്ക് മാറ്റുന്നതിനും പുതിയ സ്കൂൾ കെട്ടിടത്തിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിനും വേണ്ട തുടർനടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-21 വിനിയോഗ വിവരം ലഭ്യമാക്കിയില്ല

ഓഡിറ്റ് വർഷം സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഹെഡ്മിസ്ട്രസ്, വി.ഇ.ഒ എന്നിവർ നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്കായി ചെലവഴിച്ച തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

1-21-1 സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾ - തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥയായി വിവിധ നിർവ്വഹണ ഏജൻസികളിൽ ഒടുക്കിയ ചുവടെ ചേർത്തിരിക്കുന്ന തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ടിന്റെ പേര്	നിർവ്വഹണ ഏജൻസി	ഒടുക്കിയ തുക	ബിൽ.നം. &തീയതി
തെരുവ് വിളക്ക് മീറ്ററിംഗ്(66/21)	കെ.എസ്.ഇ.ബി	175112/-	25/20-21, 12-11-2020
സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ(122/21)	കെ.എസ്.ഇ.ബി	446162/-	5/20-21, 15-5-2020
സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ(67/21)	കെ.എസ്.ഇ.ബി	147500/-	34/20-21, 2-3-2021
കമ്പ്യൂട്ടർ വാങ്ങൽ(175/21)	കെൽട്രോൺ	79594/-	42/20-21, 28-3-2021
ജലജീവൻ മിഷൻ(166/21)	ജല അതോറിറ്റി	585975/-	37/20-21,2-3-21
പൈപ്പ് ലൈൻ നീട്ടൽ(83/21)	ജല അതോറിറ്റി	125000/-	17/20-21,24-9-2020

വിനിയോഗസാക്ഷ്യപത്രവും അവശേഷിക്കുന്ന തുകയും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-21-2 പൈപ്പ് ലൈൻ നീട്ടൽ -അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതി

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ നൂറോലിക്കൽപ്പടി മീൻ മുട്ടിക്കൽ പൈപ്പ് ലൈൻ നീട്ടൽ എന്ന പദ്ധതിക്ക് 196/16.01.2021-ാം നമ്പർ ബിൽ പ്രകാരം ടി.എസ്.പി ഫണ്ടിൽ നിന്നും 96000 രൂപ വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവ്വത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. പ്രവ്വത്തി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-21-3 സമഗ്രശിക്ഷ കേരള- ഹെഡ്മിസ്ട്രസ് നടപ്പാക്കിയ പദ്ധതി

സമഗ്ര ശിക്ഷ കേരള പദ്ധതിയ്ക്കായി ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായ പ്രോജക്ട് പ്രകാരം 2020-21 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി 4 ലക്ഷം രൂപ നൽകിയെങ്കിലും വിനിയോഗ രേഖകൾ ലഭിച്ചിട്ടില്ല.

എസ്.എസ്.എ വിഹിതം നൽകൽ (ജനറൽ), 6/2021	300000 ബിൽ നം/തീ: (1/2021-21/05/2020)
എസ്.എസ്.എ വിഹിതം നൽകൽ(എസ്.സി.പി), 7/2021	100000 ബിൽ നം/തീ: (2/2021-21/05/2020)

സമഗ്രശിക്ഷ കേരള ബഡ്ജറ്റ് പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതമായി നിശ്ചയിച്ചിരുന്നത് 14.53 ലക്ഷം രൂപയായിരുന്നു. എന്നാൽ 4 ലക്ഷം രൂപയാണ് ഗ്രാമപഞ്ചായത്ത് ഒടുക്കിയത്. കോവിഡ് 19 മൂലം 2020-21 അദ്ധ്യയന

വർഷത്തിൽ സ്കൂളുകൾ തുറന്നുപ്രവർത്തിച്ചിട്ടില്ല. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എസ്.എസ്.കെ. പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകളിലെ ചെലവുകളുടെ ഘടകങ്ങൾ തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം വാങ്ങി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-22 ജൈവവളത്തിന് സബ്സിഡി-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ വിവിധ പ്രോജക്ടുകൾ പ്രകാരം മലയാലപ്പുഴ സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിന്റെ വിൽപ്പന കേന്ദ്രത്തിൽ നിന്നും ജൈവവളം(കിലോഗ്രാമിന് 29 രൂപ നിരക്കിൽ) വാങ്ങിയതിന്റെ ബില്ലുകൾ ഹാജരാക്കിയ ഗുണഭോക്താക്കൾക്ക് 75% സബ്സിഡി അനുവദിച്ചിട്ടുണ്ട്.എന്നാൽ സഹകരണ ബാങ്ക് മുഖേന ജൈവവളം വാങ്ങിയ കർഷകർക്ക് സബ്സിഡി അനുവദിച്ചതിന് സർക്കാർ അനുമതി ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ വിശദാംശം	ജൈവവളം വാങ്ങിയതിന് സബ്സിഡി യായി അനുവദിച്ച തുക
വാഴകൃഷിയ്ക്ക് വിത്തും ജൈവവളവും, 30/21	108600
സമഗ്ര പുരയിട കൃഷി, 33/21	68418
പച്ചക്കറി കൃഷി വികസനം, 34/21	108673

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30/07/2018-ലെ ഡി.എ1/553/2018 നമ്പർ സർക്കുലർ പ്രകാരം കൃഷി ആവശ്യത്തിന് രാസവളങ്ങൾ സഹകരണ സംഘങ്ങളിൽ നിന്നും വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ജൈവവളം സഹകരണ സംഘങ്ങളിൽ നിന്നും വാങ്ങുന്നതിന് കോ-ഓർഡിനേഷൻ കമ്മിറ്റി അനുമതി നിരസിച്ചിരുന്നു(5/2/19-ലെ 4-34 നമ്പർ തീരുമാനം). പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.22/2018/ ത.സ്വ.ഭ.വ/14.02.2018) പ്രകാരം കാർഷിക കർമ്മസേനകൾ, കർഷക ഗ്രൂപ്പുകൾ, കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങിയവർ പ്രദേശികമായി ഉത്പാദിപ്പിക്കുന്ന ജൈവവളങ്ങൾ, സഹകരണ സ്ഥാപനങ്ങൾ നേരിട്ട് ഉത്പാദിപ്പിക്കുന്നവ എന്നിവ കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റിയുടെ അനുമതിയോടെ കൃഷിക്കാർ വാങ്ങി ഉപയോഗിക്കുന്നതിന് സബ്സിഡി അനുവദിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ഇത്തരത്തിൽ ലഭ്യമല്ലാത്ത സംഗതിയിൽ ലോക്കൽ പർച്ചേസിംഗ് നടത്താവുന്നതും ഇപ്രകാരം ചെയ്യുമ്പോൾ കേരളത്തിൽ ഉത്പാദിപ്പിക്കുന്നതും കൃഷി വകുപ്പ്, ശുചിത്വ മിഷൻ എന്നിവ സാക്ഷ്യപ്പെടുത്തുന്നതുമായ ജൈവവളങ്ങൾ വാങ്ങുന്നതിനുമാണ് നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ പ്രോജക്ട് നിർവ്വഹണത്തിൽ ഈ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. സഹകരണ ബാങ്കുകൾ/സംഘങ്ങളിൽ നിന്നും ജൈവ വളം വാങ്ങുന്നത് സംബന്ധിച്ച് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.2/19.07.2021) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ അനുമതി കൂടാതെ ഇപ്രകാരം സബ്സിഡി അനുവദിക്കുന്നതു സംബന്ധിച്ച വിഷയത്തിൽ വകുപ്പ് തലത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

1-23 ജലജീവൻ മിഷൻ തുടർനടപടികൾ ലഭ്യമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ 250കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്നതിലേക്ക് ആവിഷ്കരിച്ച ജലജീവൻ പ്രൊജക്ടിനുവേണ്ടി 585975/-രൂപ ബിൽ നം.37/19-20,2-3-21പ്രകാരം കേരള ജലഅതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. പദ്ധതിചെലവിന്റെ 75% സർക്കാർ ഫണ്ടും 15% ഗ്രാമപഞ്ചായത്ത് വിഹിതവും 10% ഗുണഭോക്തൃവിഹിതവുമാണ് വകയിരുത്തിയിട്ടുള്ളത്. 250 ഗാർഹിക കണക്ഷനുവേണ്ടി ആകെ 3906497.41 രൂപ ചെലവും ആയതിന്റെ 15% തുക 585974.61 ഗ്രാമപഞ്ചായത്ത് വിഹിതവും 10% തുക 390649.74രൂപ ഗുണഭോക്തൃവിഹിതവുമാണ് ജല അതോറിറ്റി നിശ്ചയിച്ചിട്ടുള്ളത്. പ്രൊജക്ട് ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ സംബന്ധിച്ച് എൻക്വയറി നം. 13/28.07.2019 നൽകിയതിന് ഗുണഭോക്തൃവിഹിതം ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ആയത് വാട്ടർ അതോറിറ്റി ആവശ്യപ്പെടുന്ന മുറയ്ക്ക് കൈമാറുമെന്നും കുടിവെള്ള കണക്ഷനുകൾ എല്ലാ ഗുണഭോക്താക്കൾക്കും നൽകിയിട്ടുണ്ടെന്നും എന്നാൽ വാട്ടർ അതോറിറ്റി വിനിയോഗസാക്ഷ്യപത്രം രേഖാമൂലം ലഭ്യമാക്കിയിട്ടില്ല എന്നും ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി വാക്കാൽ അറിയിക്കുകയുണ്ടായി. പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ പരിഹരിക്കേണ്ടതാണ്.

1. ജലജീവൻ മിഷനുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകൾ ജലഅതോറിറ്റിയുമായി കരാറിൽ ഏർപ്പെടേണ്ടതില്ലായെന്നും ആയത് സംബന്ധിച്ച് സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേയമായി മാത്രം തുടർനടപടികൾ സ്വീകരിക്കണമെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പത്തനം തിട്ടയുടെ 16-4-2021ലെ ജി-10/2021നം.കത്ത് പ്രകാരം അറിയിച്ചിരുന്നു.എന്നാൽ ആയതിന് മുൻപ് തുക ജലഅതോറിറ്റിക്ക് കൈമാറി.

2. 250 ഗുണഭോക്താക്കളിൽ നിന്നും ഗുണ.വിഹിതം പിരിച്ചതു സംബന്ധിച്ച വിവരം ഫയലിൽ നിന്നും ലഭ്യമല്ല.

3. ജലഅതോറിറ്റിയിൽ ഒടുക്കിയ തുകയുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല.

അപാകതകൾ പരിഹരിച്ച വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

1-24 പ്രവർത്തനക്ഷമമല്ലാത്ത പൊതു ടാപ്പുകൾ വിച്ഛേദിച്ച-പഞ്ചായത്തിന് സാമ്പത്തിക നേട്ടം

ഗ്രാമപഞ്ചായത്തിലെ പ്രവർത്തനക്ഷമമല്ലാത്ത പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിന് ഗ്രാമപഞ്ചായത്ത് പദ്ധതി ആവിഷ്കരിക്കുകയും ആയതിനു വേണ്ടി ചുവടെ ചേർത്തിരിക്കുന്ന രീതിയിൽ തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ബിൽനം&തീയതി	തുക
38/20-21,21-3-21	200000/-
39/20-21,21-3-21	52100/-
ആകെ	252100/-

ഗ്രാമ പഞ്ചായത്തിൽ ആകെ ഉണ്ടായിരുന്ന 286 പൊതുടാപ്പുകളിൽ പ്രവർത്തനക്ഷമമായ 38 ടാപ്പുകൾ നിലനിർത്തി ബാക്കിയുള്ളവയുടെ (248) കണക്ഷൻ വിഛേദിച്ചു. തല്ഫലമായി പ്രതിമാസം 121188/-രൂപ വെള്ളക്കരം ഒടുക്കിയിരുന്നതിൽനിന്നും നിലവിൽ വെള്ളക്കരം പ്രതിമാസം 17458/-രൂപയായി കുറയുകയും ചെയ്തു. തനത് ഫണ്ടിനത്തിലുള്ള ഗ്രാമപഞ്ചായത്തിന്റെ ബാധ്യത കുറക്കുന്ന ഇത്തരം നടപടികൾ മാതൃകാപരമാണ്. നിലവിൽ വെള്ളക്കരം കുടിശ്ശിക ഇനത്തിൽ 3357093/-രൂപയുടെ ബാധ്യതയാണ് ഗ്രമപഞ്ചായത്തിനുള്ളത്. കുടിശ്ശിക ഇനത്തിലുള്ള തുകയുടെ കൃത്യത ഉറപ്പാക്കേണ്ടതും തുടർ നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ്.

1-25 ജാഗ്രതാസമിതി - പഞ്ചായത്ത് തുക വകയിരുത്തുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 164 എ(5) വകുപ്പ് പ്രകാരം വാർഡുതല ജാഗ്രതാ സമിതിയുടെയും ഗ്രാമപ്പഞ്ചായത്തുതല ജാഗ്രതാസമിതിയുടെ യോഗങ്ങൾ എല്ലാ മാസവും കുറഞ്ഞത് ഒരു തവണയെങ്കിലും വിളിച്ചുകൂട്ടേണ്ടതും രണ്ട് യോഗങ്ങൾ തമ്മിലുള്ള ഇടവേള 30 ദിവസത്തിൽ കവിയാൻ പാടില്ലാത്തതുമാണ്. എന്നാൽ പഞ്ചായത്തിലെ ജാഗ്രതാസമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. പദ്ധതിക്കുവേണ്ടി തുകയൊന്നും തന്നെ വകയിരുത്തുന്നില്ല. 2017 മെയ് മാസത്തിലാണ് ജാഗ്രതാസമിതിയുടെ ആദ്യ യോഗം ചേർന്നത്. 12 ഗ്രാമപ്പഞ്ചായത്തു തല യോഗങ്ങൾ നടക്കേണ്ടിയിരുന്നിടത്ത് നാലു യോഗം മാത്രമെ നടന്നിട്ടുള്ളൂ. നിയമം അനുശാസിക്കുംപടി ജാഗ്രതാസമിതി യോഗങ്ങൾ സംഘടിപ്പിക്കുവാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. പദ്ധതി മാർഗരേഖ പ്രകാരം ജാഗ്രതാസമിതി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനു വേണ്ടി പഞ്ചായത്ത് പരിധിയിൽ വരുന്ന എം എസ് ഡബ്ളിയു യോഗ്യതയുള്ള ഒരു വനിതയെ ജാഗ്രതാസമിതി ഫെസിലിറ്റേറ്ററായി പ്രതിമാസം 10000 രൂപാ ഹോണറേറിയം നൽകി തിരഞ്ഞെടുക്കാവുന്നതാണ്. എന്നാൽ പഞ്ചായത്ത് അപ്രകാരം നടപടി സ്വീകരിച്ചിട്ടില്ല. ജാഗ്രതാസമിതിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതും പദ്ധതിക്കു മതിയായ തുക വകയിരുത്തേണ്ടതുമാണ്.

1-26 ഗ്രോ ബാഗ് വിതരണം-സബ്സിഡി മാർഗ്ഗരേഖയിൽ നിന്ന് വ്യതിചലിച്ച് പ്രോജക്ട് നടപ്പിലാക്കി

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2020-21 വർഷം നടപ്പിലാക്കിയ ഗ്രോ ബാഗ് വിതരണം(172/2021) എന്ന പ്രോജക്ട് പ്രകാരം 55 ഗുണഭോക്താൾക്ക് 65 യൂണിറ്റ് ഗ്രോ ബാഗുകൾ (ഒരു യൂണിറ്റ് 25 എണ്ണം/2000 രൂപ, തൈ ഉൾപ്പടെ) കോന്നി മോഡൽ അഗ്രോ സർവ്വീസ് സെന്ററിൽ നിന്നും വാങ്ങി 75% സബ്സിഡി നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്

(വികസന ഫണ്ട്- 97500, ബിൽ നം. 22/2021 തീ. 24.03.2021, 32500-ഗുണഭോക്തൃ വിഹിതം- 32500 രൂപ, ബിൽ നം. 5200143/18.03.2021).

പ്രോജക്ട് ഫയൽ പരിശോധിച്ചതുപ്രകാരം കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഒരു കുടുംബത്തിന് സ്ഥല വിസ്തൃതി കണക്കിലെടുത്ത് പരമാവധി 25 ഗ്രോ ബാഗുകൾ വരെ നൽകാവുന്നതാണ്. കൃഷി വകുപ്പിന്റെ പദ്ധതി പ്രകാരം ഗ്രോബാഗ് ലഭിച്ചവർക്ക് വീണ്ടും നൽകാൻ പാടില്ല. എന്നാൽ ഈ നിബന്ധനകൾ പാലിക്കാതെ അഞ്ച് ഗുണഭോക്താക്കൾക്ക് 50 ഗ്രോ ബാഗുകൾ വീതം നൽകിയിട്ടുണ്ട്. ഇതുമൂലം 5x1500=7500 രൂപ സബ്സിഡി ഇനത്തിൽ അധികം അനുവദിച്ചു.

2)പ്രോജക്ടിനായി തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ 60 ഗുണഭോക്താക്കൾ മാത്രമാണുണ്ടായിരുന്നത്. കൂടുതൽ പേരെ കാർഷിക അനുബന്ധ മേഖലാ പ്രോജക്ടുകളുടെ ഭാഗമാക്കുന്നതിനുള്ള പരിശ്രമം ഉണ്ടായിട്ടില്ല.

3)പ്രോജക്ടിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ ഇല്ല.

അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (8/19.07.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശത്തിൻമേൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സബ്സിഡി ഇനത്തിൽ അധികം നൽകിയ 7500 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതും കൂടുതൽ പേരെ കാർഷിക പ്രോജക്ടുകളുടെ ഭാഗമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-27 വെറ്ററിനറി സർജൻ നിർവ്വഹിച്ച പദ്ധതി - അപാകങ്ങൾ

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥയായി 2020-2021 വർഷം നടപ്പിലാക്കിയ പ്രോജക്ടുകൾ പരിശോധിച്ചതു പ്രകാരം കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) കറവപ്പശു വളർത്തൽ (സ്പിൽ ഓവർ)

കാറ്റഗറി	ജനറൽ
പ്രോജക്ട് നമ്പർ	104/21,സ്പിൽ ഓവർ
വകയിരുത്തിയത്	55000
ചെലവ്	55000 (ബിൽ നം./തീയതി -1/22.04.2020)

വായ്പ ബന്ധിതമായി നടപ്പിലാക്കിയ കറവപ്പശു വാങ്ങൽ എന്ന പ്രോജക്ടിന്റെ ഭാഗമായി സൗദാബീവി മീരാൻ, രമാദേവി എം.ആർ എന്നീ ഗുണഭോക്താക്കളുടെ സബ്സിഡി തുകയായ 55000 മലയാലപ്പുഴ സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിന് നൽകിയിട്ടുണ്ട്. എന്നാൽ ടി ഗുണഭോക്താക്കൾക്ക് വായ്പ അനുവദിച്ചുകൊണ്ടുള്ള ബാങ്കിന്റെ കത്ത് ഫയലിലില്ല. ശ്രീമതി രമാദേവി എം.ആർ. ഹാജരാക്കിയ വിലച്ചീട്ട് വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. പശുക്കളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഫയലിലില്ല. പ്രോജക്ടിന്റെ മോണിട്ടറിംഗ് റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടില്ല. പർച്ചേസിംഗ് കമ്മിറ്റി യോഗം ചേർന്നതിന്റെ അറ്റൻഡൻസ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് വാങ്ങലുകൾ നടന്നത് എന്നത് സംബന്ധിച്ച രേഖകളില്ല. ഉരുക്കളെ കുറഞ്ഞത് മൂന്നുവർഷമെങ്കിലും വളർത്തുമെന്ന് കരാർ വച്ചിട്ടില്ല. അടിസ്ഥാന രേഖകളുടെ അഭാവത്തിൽ 55000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ബി) കറവപ്പശു വളർത്തൽ (ജനറൽ)

കാറ്റഗറി	ജനറൽ
പ്രോജക്ട് നമ്പർ	18/21
വകയിരുത്തിയത്	55000
ചെലവ്	357500 (ബിൽ നം./തീയതി -4/23.01.2021)

പ്രോജക്ടിന്റെ ഭാഗമായി 13 ഗുണഭോക്താക്കളുടെ സബ്സിഡിയായി 357500 രൂപ (27500x13) മലയാലപ്പുഴ സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിന് നൽകിയിട്ടുണ്ട്. 13 ഗുണഭോക്താക്കൾക്ക് ലോൺ അനുവദിച്ചതായി ബാങ്ക് കത്ത് നൽകിയിട്ടുണ്ട്. ശ്രീമതി ഹേമലത എ, പൗർണ്ണമി, കമ്പളാംപൊയ്ക, ശ്രീമതി ആൻസി കെ.ആന്റണി, കളരിക്കൽ മുരിപ്പേൽ വീട് എന്നീ ഗുണഭോക്താക്കൾ കറവപ്പശുവിനെ വാങ്ങിയതിന്റെ വിലച്ചീട്ട്, വെറ്ററിനറി സർജന്റെ

സാക്ഷ്യപത്രം എന്നിവ ഫയലിലില്ല. ശ്രീമതി ശ്രീലത, പത്തേക്കറിൽ, പ്രസന്ന സി.വി., വെള്ളറ മേലേതിൽ എന്ന ഗുണഭോക്താക്കൾ കറവപ്പശു വാങ്ങിയതിന്റെ വിലച്ചീട്ട് വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. 13 കറവപ്പശുക്കളെയും ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പർച്ചേസിംഗ് കമ്മിറ്റി യോഗം ചേർന്നതിന്റെ അറ്റൻഡൻസ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് വാങ്ങലുകൾ നടന്നത് എന്നത് സംബന്ധിച്ച രേഖകളില്ല. ഉരുക്കളെ കുറഞ്ഞത് മൂന്നുവർഷമെങ്കിലും വളർത്തുമെന്ന് കരാർ വച്ചിട്ടില്ല. പ്രോജക്ടിന്റെ മോണിട്ടറിംഗ് റിപ്പോർട്ടും ഫയലിലില്ല. 4 ഗുണഭോക്താക്കൾ കറവപ്പശുവിനെ വാങ്ങിയെന്നത് ഉറപ്പാക്കുന്ന രേഖകളുടെ അഭാവത്തിൽ സബ്സിഡി ഇനത്തിലുള്ള 110000 (27500x4) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 12/26.07.2021) മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും രേഖകൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതുമാണ്.

1-28 ലൈഫ് പദ്ധതി-അവലോകനം

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് 2019-20, 2020-21 വർഷങ്ങളിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

I) ലൈഫ് പ്രോജക്ടിന്റെ രണ്ടാം ഘട്ടത്തിൽ (2018-19, 2019-20) ഭൂമിയുള്ള ഭവനരഹിതരായവരെയായിരുന്നു ഗുണഭോക്താക്കളായി തെരഞ്ഞെടുത്തത്.

ഗുണഭോക്താക്കളുടെ എണ്ണം	ജനറൽ	എസ്.സി.പി	ആകെ
അർഹരായ ഗുണഭോക്താക്കളുടെഎണ്ണം	42	8	50
എഗ്രിമെന്റ് വെച്ച ഗുണഭോക്താക്കളുടെഎണ്ണം	22	5	27
ഭവനനിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താക്കളുടെ എണ്ണം	21	5	26
ഭവനനിർമ്മാണം പൂർത്തീകരീക്കാത്ത ഗുണഭോക്താക്കൾ	1		1

എ) ശ്രീമതി. പ്രസന്ന കുമാരി , കുമ്പനാട് കിഴക്കേതിൽ എന്ന ഗുണഭോക്താവിന് ലൈഫ് ഭവന പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 3 ലക്ഷം രൂപ അനുവദിച്ചു. എന്നാൽ ബേസ്മെന്റ് വരെയുള്ള പണികൾ മാത്രമേ നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ളൂ. 26.09.2019-നാണ് മൂന്നാം ഗഡു 100000 രൂപ അനുവദിച്ചത്. എന്നാൽ തുടർന്നുള്ള നിർമ്മാണ പ്രവൃത്തികൾ നാളിതുവരെ ചെയ്തിട്ടില്ല. ഇക്കാര്യം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

II) ലൈഫ് പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ (2020-21) ഭൂരഹിത ഭവനരഹിതരെയാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുത്തത്.

അർഹരായ ഗുണഭോക്താക്കളുടെഎണ്ണം	79
സ്വന്തമായി ഭൂമി ആർജ്ജിച്ചവർ	8
സ്പോൺസർഷിപ്പ് വഴി ഭൂമി ലഭിച്ചവർ	-
പട്ടികജാതി വികസനവകുപ്പ് വഴി ഭൂമി ലഭിച്ചവർ	4
തദ്ദേശസ്വയംഭരണസ്ഥാപനം വഴി ലഭിച്ചവർ	42

42 ഗുണഭോക്താക്കൾക്ക് വസ്തു ലഭ്യമാക്കുന്നതിന് ചെലവഴിച്ച തുകയുടെ (42x200000) വിശദാംശം ചുവടെ ചേർക്കുന്നു.

വിഭാഗം	വികസനഫണ്ട്	സംസ്ഥാനാവിഷ്കൃത പദ്ധതി	ബ്ളോക്ക് വിഹിതം	ജില്ലാപഞ്ചായത്ത് വിഹിതം	മറ്റുള്ളവ	ആകെ
ജനറൽ	2253320	-	2400000	146680	-	4800000
എസ്.സി.പി.	3600000					3600000

ഭൂമി വാങ്ങിയ ഗുണഭോക്താക്കളും എസ്.സി/എസ്.റ്റി വകുപ്പിൽ നിന്നുള്ള അഡീഷണൽ ലിസ്റ്റിലുള്ള ഗുണഭോക്താക്കളും ഉൾപ്പടെ 49 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ച് ആദ്യ ഗഡു കൈപ്പറ്റി ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇതിൽ 5 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചു. 2021-22 വർഷത്തിലും പ്രോജക്ട് സ്പിൽ ഓവറായി തുടരുകയാണ്.

ഫണ്ടുകൾ സമയബന്ധിതമായി ലഭ്യമാക്കി എഗ്രിമെന്റ് പ്രകാരമുള്ള സമയപരിധിക്കുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

1-29 ഔഷധിയിൽ നിന്നും മരുന്ന് പൂർണ്ണമായും ലഭിച്ചില്ല

മെഡിക്കൽ ഓഫീസർ(ആയുർവേദം) നിർവ്വഹണ ഉദ്യോഗസ്ഥയായി 2020-21 സാമ്പത്തിക വർഷം ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങുന്നതിനായി ഔഷധിയിൽ പണം മുൻകൂറായി ഒടുക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ പേര്	അടച്ച തുക	ലഭ്യമായ മരുന്നിന്റെ വില	ലഭിക്കാൻ ബാക്കിയുള്ള മരുന്നിന്റെ വില
ആയുർവേദ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ(24/21)	400000	367911	32089

ബാക്കിയുള്ള മരുന്ന് അടിയന്തിരമായി ലഭ്യമാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

4-1 സംയുക്ത പദ്ധതികൾ

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ജില്ലാ പഞ്ചായത്ത്	499030	പാലിയേറ്റീവ് കെയർ	499030	0
	343980	പാലിയേറ്റീവ് കെയർ(സ്പിൽ ഓവർ)	343980	0
	150000	ആശ്രയ (സ്പിൽ ഓവർ)	150000	0
	200000	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	200000	0
	66000	ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി	66000	0

	86961	ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (സ്പിൽ ഓവർ)	86961	0
ജില്ലാ പഞ്ചായത്ത്	1454843	ലൈഫ്	1454843	
ജില്ലാ പഞ്ചായത്ത്	1446164	ലൈഫ്(എസ്സ്.സി.പി)	1446164	
ബ്ലോക്ക് പഞ്ചായത്ത്	200000	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	200000	0
	181548	പൂരക പോഷകാഹാര പരിപാടി	181548	0
	2400000	ഭവനനിർമ്മാണം ലൈഫ്	2400000	0
	1291471	ഭൂരഹിത ഭവനരഹിത പദ്ധതി- ലൈഫ് Scp	1291471	0
	450000	ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി	450000	0

4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ ചുവടെ ചേർക്കുന്ന നിക്ഷേപ പ്രവൃത്തികൾക്ക് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ ടി. പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ	ബിൽ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കേരള വാട്ടർ അതോറിറ്റി	83/21ചരണയ്ക്കൽ തെങ്ങും തോട്ടത്തിൽ പൈപ്പ് ലൈൻ വലിക്കൽ	17/20-21 1.10.20	125000	0	125000
മെമ്പർ സെക്രട്ടറി ജലജീവൻ മിഷൻ വാട്ടർ അതോറിറ്റി	166/21,ജൽ ജീവൻ മിഷൻ	37/20-21 02.03.2021	585975	0	585975
കേരള വാട്ടർ അതോറിറ്റി	84/21, നൂറോലിൽപ്പടി മീൻമുട്ടിക്കൽ പൈപ്പ് ലൈൻ നീട്ടൽ	196/20-21 16.01.2021	96000	0	96000
കെ.എസ്.ഇ.ബി വടശ്ശേരിക്കര	66/21തെരുവുവിളക്ക് മീറ്ററിംഗ്	25/20-21 16.11.20	175112	0	175112
കെ.എസ്.ഇ.ബി കുമ്പഴ	67/21, സ്ട്രീറ്റ് ലൈൻ വലിക്കൽ(112/20)	34/20-21 05.03.21	147500	0	147500
കെ.എസ്.ഇ.ബി	122/21, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ	5/20-21 14.05.20	446162	0	446162

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-4 വായ്പ/വായ്പാ തിരിച്ചടവ്

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തീയതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി	കെ.യു.ആർ.ഡി.എഫ്.സി	3404791	3022441	380313	0	2642128

4-5 സ്ഥിര നിക്ഷേപം

ക്രമനമ്പർ	സ്ഥാപനത്തിന്റെപേര്	നിക്ഷേപിച്ച തീയതി	കാലയളവ്	തുക	റിമാർക്സ്
1	സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, മലയാലപ്പുഴ (എഫ്.ഡി-341)	29.03.10	1 വർഷം	659555	
	സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, മലയാലപ്പുഴ (എഫ്.ഡി-347)	31.03.2010	1 വർഷം	439707	
ആകെ				1099262	

തൻവർഷം പലിശയിനത്തിൽ 90689 രൂപ ലഭിച്ചിട്ടുണ്ട്.

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 75154 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നമ്പർ തിയ്യതി
2018-19	1-21	3356	അസിസ്റ്റന്റ് എഞ്ചിനീയർ	120010100200 തീയതി 19.05.2020
2018-19	1-21	597	ശമുവേൽ ഗീ വർഗ്ഗീസ്, കരാറുകാരൻ (അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി)	120010100348 തീയതി 27.05.2020
2018-19	1-21	5890	കുര്യൻ കെ.വർഗ്ഗീസ്, കരാറുകാരൻ(അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി)	120010100350 തീയതി 27.05.2020
2018-19	1-21	22375	അനൂപ് സോമൻ, കരാറുകാരൻ (അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി)	1200101101600 തീയതി 24.09.2020
2018-19	1-21	42936	എൻ. പി.ഗോപാലകൃഷ്ണൻ, കരാറുകാരൻ(അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി)	120010500007 തീയതി 10.11.2020

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഓഡിറ്റ് വർഷം	ഖണ്ഡിക നം.	സമാഹൃത ഓഡിറ്റ്	ഖണ്ഡിക നം.	വിഷയം	നിലവിലെ അവസ്ഥ

		റിപ്പോർട്ട് വർഷം			
2014-15	2-1	2016-17	2-1	തൊഴിൽ നികുതി സ്ഥാപന തലവൻ നൽകുന്ന റിട്ടേണുകൾ അപൂർണ്ണം	പരാമർശം നിലനിൽക്കുന്നു.
2015-16	2-1	2016-17	2-1	അംഗീകൃത കരാറുകാരുടെ നികുതി ഈടാക്കിയിട്ടില്ല	പരാമർശം നിലനിൽക്കുന്നു.

4-8 ചാർജ്ജ്/സർചാർജ്ജ് നടപടിയിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	73911862
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	60242963
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	172500

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-26	7500	ശ്രീമതി ജി.വി. അഖില കൃഷി ഓഫീസർ
1-27(എ)	55000	ഡോ.ഷീജാ ബീവി വെറ്ററിനറി സർജൻ
1-27(ബി)	110000	ഡോ.ഷീജാ ബീവി വെറ്ററിനറി സർജൻ
ആകെ	172500	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും	ഇപ്പോഴത്തെ	സ്ഥിരം

ഉദ്യോഗപ്പേരും	(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	മേൽവിലാസം
ശ്രീമതി ജി.വി അഖില	ശൂന്യവേതന അവധിയിലാണ്.	കാച്ചാണി കരകുളം പി.ഒ തിരുവനന്തപുരം
ഡോ. ഷീജാ ബീവി	വെറ്ററിനറി ഡോക്ടർ വെറ്ററിനറി ഡിസ്പൻസറി മലയാലപ്പുഴ	തോപ്പിൽ വീട് കണ്ണങ്കര പത്തനംതിട്ട

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1995-96	നം.എൽ.എഫ്.പി.റ്റിഎ.പി2/363/97 തീയതി 8.8.1997	13
1996-97	നം.എൽ.എഫ്.പി.റ്റിഎ.പി.2/30/98 തീയതി 4.3.99/6.6.99	3
1997-98	നം.എൽ.എഫ്.പിറ്റിഎ.പി.2/586/98 തീയതി 11.08.2000	1
1999-00 (ചെലവ്)	നം.എൽ.എഫ്.പിറ്റി.എ.പി.2/460/01 തീയതി 05.11.2001/ 10.06.2002	3
1999-00(വരവ്)	നം.എൽ.എഫ്.പി.റ്റി.എ.പി.2/579/04 തീയതി 12.01.2005/21.03.2005	
2000-01	നം.എൽ.എഫ്.പിറ്റിഎ.പി.2/580/04 തീയതി 12.01.2005	3
2001-02	നം.എൽ.എഫ് പി.റ്റി.എ.പി2/756/04 തീയതി 05.05.2005	2
2002-03	നം.എൽ.എഫ് പി.റ്റി.എ.പി.2/65/05 തീയതി 10.06.2005	2
2003-04	നം.എൽ.എഫ്.പി.റ്റിഎ.പി.2/325/05 തീയതി 14.11.2005	കൃഷി ഓഫീസർ കൃഷി ഭവൻ മലായാലപ്പുഴ2
2004-05	നം.എൽ.എഫ്.പി.റ്റി.എ.പി.3/924/07 തീയതി 04.06.2008/31.01.2008	3
2005-06	നം.എൽ.എഫ്.പി.റ്റിഎ.പി.9/843/09 തീയതി 09.12.09/30.07.10	7
2006-07	നം.എൽ.എഫ്.പി.റ്റി.എ.പി.9/268/10 തീയതി 04.04.2011	9
2007-08	നം.എൽ.എഫ്.പി.റ്റിഎ.പി.10/211/11 തീയതി 07.10.10/04.02.13	7
2014-15	നം.കെഎസ്എ.പിറ്റിഎ.പി12-535/16 തീയതി 10.5.16	6

2015-16	നം. കെഎസ്എ.പിറ്റിഎ.പി12-1188/16 തീയതി 17.11.16	3
2016-2017	നം. കെഎസ്എ.പിറ്റിഎ.പി11-810/17 തീയതി 15.07.17	8
2017-2018	നം. കെഎസ്എ.പിറ്റിഎ.പി13-1468/18 തീയതി 29.10.18	7
2018-19	നം. കെഎസ്എ.പിറ്റിഎ.പി13-1003/19 തീയതി 19.12.19	13
2019-20	നം. കെഎസ്എ.പിറ്റിഎ.പി9-493/21 തീയതി	എല്ലാ ഖണ്ഡികകളും

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്